## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.282 | 26.02.2018-ൽ മറുപടിയ്ക്ക് |
|---|---|
| **വികലാംഗ പെൻഷൻ വർദ്ധിപ്പിക്കാനുള്ള നടപടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.എം.രാജഗോപാലൻ** | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വികലാംഗ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | 21/02/2018 ലെ ജി.ഒ(എം.എസ്) നം.61/2018/ഫിൻ. പ്രകാരം വികലാംഗ പെൻഷൻ കൈപ്പറ്റുന്ന ഉപഭോക്താക്കളിൽ എൺപത് ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർക്കുള്ള പ്രതിമാസ പെൻഷൻ 1100/- രൂപയിൽ നിന്ന് 1300/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | 1995 മുതൽ അംഗ പരിമിതർക്ക് നീക്കി വച്ച ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് അംഗപരിമിതർക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് 3% സംവരണം The persons with Disabilities (Equal Opportunities, Protection of Rights And Full Participation) Act, 1995 നിലവിൽ വന്ന തീയതിയായ 7/02/1996, മുതൽ നൽകിയും 100 പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 33,66,99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1,34,67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചു കൊണ്ട് 6/5/2017 ലെ സ.ഉ(പി) നം.8/17/സാ.നീ.വ പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4/8/2017 ന് ചേർന്ന യോഗ തീരുമാന പ്രകാരം പൊതു ഭരണ വകുപ്പ്, ധനകാര്യവകുപ്പ്, നിയമവകുപ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നീ വകുപ്പുകളുടെ സെക്രട്ടറിതല കമ്മിറ്റി GO(Rt)638/2017/SJD പ്രകാരം രൂപീകരിക്കുകയും ആയതിന്റെ ആദ്യ യോഗം 5/10/2017 ന് കൂടുകയുണ്ടായി. നിലവിലെ എല്ലാ വകുപ്പുകളിലേയും തസ്തികകളെ Union Public Service Commission ലേതുപോലെ ഗ്രൂപ്പുകളായി തിരിച്ച് Database തയ്യാറാക്കി, നിലവിൽ ഓരോ വകുപ്പിലും എത്ര അംഗപരിമിതർ ജോലി ചെയ്യുന്നുവെന്ന വിവരം ഉൾക്കൊള്ളിക്കുന്നതിനും, 1996 മുതൽ അംഗപരിമിതർക്കു ബാക് ലോഗ് നൽകുന്നതിനുള്ള പ്രയോഗികത സംബന്ധിച്ചും, Rights of Persons with Disabilities Act 2016 |

| | | | |
|---|---|---|---|
| | | | പ്രകാരം അംഗപരിമിത സംവരണം 4% ആയി ഉയർത്തുമ്പോൾ നാലാമത്തെ വിഭാഗത്തിനായുള്ള തസ്തികകൾ കണ്ടെത്തുന്നതിനും ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് എന്നീ വകുപ്പുകളിലെ പ്രഗത്ഭരും അനുഭവജ്ഞരുമായ വിരമിച്ച ഉദ്യോഗസ്ഥരുടെ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ